"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് 2019-20 ൽ എം.ഇ.എസ് കോളേജ് മുതൽ മൈലാംപാടം വരെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് തനത് ഫണ്ട് ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രൊജക്റ്റിന്റെ ഭാഗമായി (പ്രോ.നം. 335/20) ബാക്കി ബിൽ തുക പ്രസ്തുത പ്രവർത്തിയുടെ കരാറുകാരന് നൽകുന്നതിൽ ഗ്രാമപഞ്ചായത്തിന് സ്പഷ്ടീകരണം/ നിർദ്ദേശം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1041/2023/LSGD തീയതി,തിരുവനന്തപുരം, 15-05-2023

---

പരാമർശം:-

1. WP(C) 34523/2022 ൽ ബഹു. ഹൈക്കോടതിയുടെ 09.03.2023 ലെ ഉത്തരവ്
2. 25.04.2023-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.1

**ഉത്തരവ്**

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് 2019-20-ൽ എം.ഇ.എസ് കോളേജ് മുതൽ മൈലാംപാടം വരെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് തനത് ഫണ്ട് ഉൾപ്പെടുത്തി 35,20,000 രൂപയുടെ പ്രോജക്ട് ഏറ്റെടുത്തിരുന്നു (പ്രോ.നം. 335/20). പ്രസ്തുത പ്രോജക്ട് ടെണ്ടർ ചെയ്ത് Issac and Son ventures Pvt.Ltd. Ernakulam എന്ന കമ്പനിയെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. റോഡിന്റെ രൂപരേഖ കിഫ്ബി തിരുത്തി അംഗീകരിക്കുന്നതു വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് നിർത്തിവയ്ക്കണമെന്ന് 12.03.2020ന് പി.ഡബ്ല്യൂ. ഡി അറിയിക്കുകയും പിന്നീട് 27.11.2020 ന് പ്രവർത്തനം തുടരാൻ അനുമതി ലഭിക്കുകയും ചെയ്തിരുന്നു. തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിക്കുകയും പ്രവർത്തിയുടെ പാർട്ട് ബിൽ ആയി 15,17,000 രൂപ നൽകുകയുമുണ്ടായി. മേൽപറഞ്ഞ റോഡ് പൊതുമരാമത്തിൽ നിന്ന് കിഫ്ബി ഏറ്റെടുത്തതിനുശേഷം റോഡിന്റെ അലൈമെന്റിൽ മാറ്റം വരുത്തുകയും അധികമായി എർത്ത് കട്ടിംഗ് ഉണ്ടാവുകയും എർത്ത് കട്ടിംഗ് നടത്തിയപ്പോൾ പുതുതായി സ്ഥാപിച്ച പൈപ്പ് ലൈൻ തകർന്നു പോവുകയും ചെയ്തിരുന്നു. പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് കരാറുകാരന് ബാക്കി ബിൽ തുക നൽകുന്നതിന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2. പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ബിൽ തുക ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരൻ ഫയൽ ചെയ്ത WP(C) 34523/2022 നമ്പർ ഹർജി ബഹു. ഹൈക്കോടതി പരാമർശം (1) പ്രകാരം തീർപ്പാക്കിയത് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ചർച്ച ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ചതിനു ശേഷം രണ്ടാഴ്ചയ്ക്കകം ഇതിന്മേൽ ഗ്രാമപഞ്ചായത്തിനു സ്പഷ്ടീകരണം നൽകണമെന്നും

കോഓർഡിനേഷൻ കമ്മിറ്റിയുടെ സ്പഷ്ടീകരണം ലഭിച്ച രണ്ടാഴ്ച്ചയ്ക്കകം ഹർജ്ജിക്കാരന് ഗ്രാമപഞ്ചായത്ത് തുക നൽകണമെന്നും ബഹു. ഹൈക്കോടതി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഈ വിഷയം പരിശോധിച്ച് ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ഗ്രാമപഞ്ചായത്തിന് സ്പഷ്ടീകരണം/ നിർദ്ദേശം നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു. കൂടാതെ 01.03.2023 ന മാത്രമാണ് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിലേയ്ക്ക് ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന ഗ്രാമപഞ്ചായത്തിൽ നിന്ന് ഫയൽ നൽകിയത് എന്നിരിക്കെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിന്ന് തീരുമാനമാകാത്തതിനാലാണ് കരാറുകാരന് തുക നൽകുന്നതിൽ തടസ്സമെന്ന് 12.12.2022-ൽ ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ അഫിഡവിറ്റ് സമർപ്പിച്ചിരുന്നു എന്നും ബഹു. ഹൈക്കോടതിയിൽ ഗ്രാമപഞ്ചായത്ത് അറിയിച്ചതു പോലെ പ്രവൃത്തിയുടെ ബിൽ അടക്കമുള്ള വിവരങ്ങൾ നാളിതുവരെ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നൽകിയിരുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട് എന്നും തെറ്റായ വിവരം ബഹു.ഹൈക്കോടതിക്ക് നൽകി സർക്കാരിനു മതിപ്പ് കേടുണ്ടാക്കിയത് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് എന്നും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി നിരീക്ഷിച്ചിരുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തു സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞ് കർശന നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് 2019-20 ൽ എം.ഇ.എസ് കോളേജ് മുതൽ മൈലാംപാടം വരെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് തനത് ഫണ്ട് ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രൊജക്ടിന്റെ ഭാഗമായി (പ്രോ.നം. 335/20) ബാക്കി ബിൽ തുക പ്രസ്തുത പ്രവർത്തിയുടെ കരാറുകാരന് നൽകുന്നതിൽ ഗ്രാമപഞ്ചായത്തിന് സ്പഷ്ടീകരണം/ നിർദ്ദേശം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയിൽ നിന്നും തീരുമാനമാകാത്തതാണ് കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് 2019-20-ൽ എം.ഇ.എസ് കോളേജ് മുതൽ മൈലാംപാടം വരെ പൈപ്പ് മാറ്റി സ്ഥാപിച്ച ഇനത്തിൽ കരാറുകാരന് തുക നൽകുന്നതിൽ തടസ്സമെന്ന തെറ്റായ വിവരം 12.12.2022-ൽ ബഹു.ഹൈക്കോടതിയിൽ അഫിഡവിറ്റ് സമർപ്പിച്ചുകൊണ്ട് സർക്കാരിനു മതിപ്പ് കേടുണ്ടാക്കിയതിൽ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തു സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞ് കർശന നടപടി സ്വീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1 /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Madhusoodhanan V
Date: 15-05-2023 14:58:25
സെക്ഷൻ ഓഫീസർ

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്